ഉത്തരം

(എ) 26,15,40,000 രൂപ.

(ബി) ചെലവാക്കിയ തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

തിരുവനന്തപുരം	414.44	ലക്ഷം രൂപ
കൊല്ലം, പത്തനംതിട്ട	687.02	,,
ആലപ്പുഴ	363.31	,,
കോട്ടയം, ഇടുക്കി	136.89	,,
എറണാകുളം	242.07	,,
തൃശ്ശൂർ	84.50	,,
മലപ്പുറം, പാലക്കാട്	223.34	,,
കോഴിക്കോട്, വയനാട്	214.22	,,
കണ്ണൂർ	129.41	,,
കാസർഗോഡ്	120.20	,,
ആകെ	**2615.40**	,,

സംസ്ഥാന ഭൂഗർഭ ജലസമ്പത്ത്

37 [194] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
,, യു. സി. രാമൻ :
,, പി. കെ. അബ്ദുറബ്ബ് :
,, വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭജല സമ്പത്തിന്റെ പര്യവേക്ഷണവും വികസനവും സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

(ബി) അതിന്റെ ഫലമായി ഭൂഗർഭ ജലസമ്പത്ത് വിനിയോഗിക്കുന്നതിൽ ക്രമീകരണം ആവശ്യമാണെന്ന് തെളിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഠനം നടത്തിവരുന്നു.

(ബി) ഭൂഗർഭ ജലസമ്പത്ത് വിനിയോഗിക്കുന്നതിൽ ക്രമീകരണം ആവശ്യമാണെന്ന് പഠനങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൂജലത്തിന്റെ ക്രമീകരണത്തിനും നിയന്ത്രണത്തിനുമായി 'ഭൂജല ആക്ട്' പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജലത്തിന്റെ വിനിയോഗത്തിൽ ക്രമീകരണം ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഭൂഗർഭജലം അസാധാരണമായ വിധത്തിൽ താഴ്ന്നുപോകുന്ന പ്രതിഭാസം

38 [195] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
,, ടി. എൻ. പ്രതാപൻ :
,, വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭജലം അസാധാരണമായ വിധത്തിൽ താഴ്ന്നു വരുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ചൂഷണം ചെയ്യപ്പെടുന്ന ഭൂഗർഭ ജലത്തിനു തുല്യം വെള്ളം ഭൂമിയിലേക്കു താഴ്ന്നിറങ്ങുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നല്കുമോ;

(ഇ) സംസ്ഥാനത്ത് എവിടെയെങ്കിലും ഭൂഗർഭജലത്തിൽ ലവണാംശം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂഗർഭജലം അസാധാരണമായ വിധത്തിൽ താഴ്ന്നതായി കാണുന്നില്ല. എന്നാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ചില വില്ലേജുകളിൽ ഭൂജലനിരപ്പിൽ താഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly